# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 26

# വാർത്താക്കുറിപ്പ്

## എം.എസ്‌സി. ബയോഫിസിക്സ് സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിലെ എം.എസ്‌സി. ബയോഫിസിക്സ് പ്രോഗ്രാമിൽ സ്റ്റേറ്റ് മെറിറ്റ്, മുസ്ലീം സംവരണം എന്നീ വിഭാഗത്തിൽ ഓരോ സീറ്റൊഴിവുണ്ട്. ക്യാറ്റ് എം.ജി.യു. പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താല്പര്യമുള്ള വിദ്യാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി ജൂലൈ 29ന് രാവിലെ 10ന് പഠനവകുപ്പിൽ നടക്കുന്ന ഇന്റർവ്യൂവിന് എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731035.

(പി.ആർ.ഒ./39/1431/2019)

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ എം.എ. ഗാന്ധിയൻ സ്റ്റഡീസ് പ്രോഗ്രാമിൽ എസ്.സി., എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യരായവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി ജൂലൈ 29ന് രാവിലെ 11ന് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ നടക്കുന്ന സ്പോട് അഡ്മിഷന് എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731039.

(പി.ആർ.ഒ./39/1432/2019)

## എം.എഡ്. സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ്. പ്രോഗ്രാമിൽ ജനറൽ വിഭാഗത്തിൽ ഏതാനും സീറ്റുകളും മുസ്ലീം വിഭാഗത്തിൽ ഒന്നും സീറ്റൊഴിവുണ്ട്. ക്യാറ്റ് എം.ജി.യു. പ്രോസ്പെക്ടസ് പ്രകാരമുള്ള യോഗ്യതയുള്ളവർ ജൂലൈ 29ന് രാവിലെ 10ന് യോഗ്യത തെളിയിക്കുന്ന രേഖകളുമായി പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731042.

(പി.ആർ.ഒ./39/1433/2019)

## പരീക്ഷഫലം

2019 മാർച്ചിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ മലയാളം, ഇംഗ്ലീഷ്, തിയേറ്റർ ആർട്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1434/2019)

## ഗസ്റ്റ് അധ്യാപക പാനൽ; വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിൽ ഗസ്റ്റ് അധ്യാപകരുടെ പാനൽ തയ്യാറാക്കുന്നതിനായി വോക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. മണിക്കൂർ അടിസ്ഥാനത്തിലാണ് നിയോഗിക്കുക. യു.ജി.സി. നിഷ്ക്കർഷിച്ച യോഗ്യതയുള്ളവർ അസൽ രേഖകളുമായി എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731037.

(പി.ആർ.ഒ./39/1435/2019)

## എം.ജി.യുടെ പ്രൊജക്ടിന് യു.ജി.സി.-ഡി.എ.ഇ. അംഗീകാരം

യു.ജി.സി.-ഡയറക്ടറേറ്റ് ഓഫ് അറ്റോമിക് എനർജി കൺസോർഷ്യത്തിന്റെ ശാസ്ത്ര ഗവേഷണത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്ന് സമർപ്പിച്ച പ്രൊജക്ടിന് അംഗീകാരം. സ്കൂൾ ഓഫ്

കെമിക്കൽ സയൻസസും ഇൻറർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയും സംയുക്തമായി സമർപ്പിച്ച 12.72 ലക്ഷം രൂപയുടെ പ്രൊജക്ടിനാണ് അംഗീകാരം ലഭിച്ചത്. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ നേതൃത്വത്തിലാണ് പ്രൊജക്ട് നടക്കുക. വൈദ്യുത കാന്തിക തരംഗങ്ങളെ പ്രതിരോധിക്കാൻ കഴിവുള്ള പോളിമർ നാനോ കോംപസിറ്റുകൾ വികസിപ്പിക്കുകയാണ് പ്രൊജക്ടിന്റെ ലക്ഷ്യം.

(പി.ആർ.ഒ./39/1436/2019)

## 'പി.ജി. തലത്തിൽ ഇക്കണോമെട്രിക്സ് അധ്യാപനം';

## ശില്പശാല ഓഗസ്റ്റ് അഞ്ചുമുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ. കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസും കേരള ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി കോളേജ് അധ്യാപകർക്കായി സംഘടിപ്പിക്കുന്ന ഒരാഴ്ചത്തെ ശില്പശാല മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. സാമ്പത്തികശാസ്ത്ര വസ്തുതകളും അവയുടെ പരസ്പര ബന്ധങ്ങളും കമ്പ്യൂട്ടർ സഹായത്തോടെ സംഖ്യാപരമായി അപഗ്രഥിക്കുന്ന ശാസ്ത്രത്തിൽ നൈപുണ്യ വികസനം ലക്ഷ്യമാക്കി 'ഇക്കണോമെട്രിക്സ് അധ്യാപനം ബിരുദ ബിരുദാനന്തര തലങ്ങളിൽ' എന്ന വിഷയത്തിൽ നടത്തുന്ന ശില്പശാല ഓഗസ്റ്റ് അഞ്ചിന് ആരംഭിക്കും. 40 പേർക്കാണ് പ്രവേശനം. വിശദവിവരത്തിന് ഫോൺ: 9447854270, 9497089219, 9895853210.

(പി.ആർ.ഒ./39/1437/2019)

## വനിത സുരക്ഷ ജീവനക്കാരുടെ ഒഴിവ്;

## ശാരീരികക്ഷമത പരീക്ഷ ഓഗസ്റ്റ് ആറിന്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ താല്ക്കാലിക-ദിവസവേതന അടിസ്ഥാനത്തിൽ വനിതാ സുരക്ഷ ജീവനക്കാരെ നിയമിക്കുന്നതിനായി ശാരീരിക ക്ഷമത പരീക്ഷ നടത്തുന്നു. ഓഗസ്റ്റ് ആറിന് രാവിലെ ഏഴിന് സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസ് ഗ്രൗണ്ടിലാണ് ശാരീരികക്ഷമത പരീക്ഷ. ഒരു വർഷത്തേക്കാണ് നിയമനം. അഞ്ച് ഒഴിവാണുള്ളത്.

യോഗ്യത: എൻ.സി.സി. ബി., സി. സർട്ടിഫിക്കറ്റ് നേടിയവർ/എൻ.എസ്.എസിൽ റിപ്പബ്ലിക് പരേഡിൽ പങ്കെടുത്തവർ/ ബി.എസ്.എഫ്., സി.ആർ.പി.എഫ്., പാരാ മെഡിക്കൽ ഫോഴ്സ് തുടങ്ങിയ സേവന പരിചയം/ സ്പോർട്സിൽ അന്തർ സർവകലാശാല മത്സരങ്ങളിൽ പങ്കെടുത്തവർ. പ്രായം: 2019 ജനുവരി ഒന്നിന് 30നും 40നും മധ്യേ. പ്രായം, യോഗ്യത, ജാതി, പ്രവൃത്തിപരിചയം, സൈനിക-അർധസൈനിക സർവീസ് ഡിസ്ചാർജ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ജൂലൈ 26ന് ശേഷമുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും സഹിതം ഹാജരാകണം. ശാരീരിക ക്ഷമത പരീക്ഷയിൽ വിജയിക്കുന്നവർക്കുള്ള അഭിമുഖ പരീക്ഷ ഓഗസ്റ്റ് 22ന് രാവിലെ ഒൻപതിന് നടക്കും.

(പി.ആർ.ഒ./39/1438/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ